പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 384 06.03.2012-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിൻെറ ആസ്തികൾ തിട്ടപ്പെടുത്തുന്നതിന് നടപടി.

ചോദ്യം

ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. ആർ. സെൽവരാജ് :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) വൈദ്യുതി ബോർഡിൻെറ പുന:സംഘടനയ്ക്ക് മുന്നോടിയായി ആസ്തികൾ തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(എ) വൈദ്യുതി ബോർഡിൻെറ ആസ്തികൾ ഏതൊക്കെയാണെന്ന് തിട്ടപ്പെടുത്തി സൂക്ഷിക്കുന്നതിൻെറ ഭാഗമായി ഇപ്പോൾ കൈവശത്തിലും, ഉടമസ്ഥതയിലുമുള്ള ആസ്തികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബോർഡിൻെറ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള എല്ലാ ആസ്തികളുടേയും എണ്ണവും മറ്റ് വിശദാംശങ്ങളും ഇതുവഴി ശേഖരിക്കുന്നതിനാണ് ഇപ്പോൾ നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളത്.

(ബി) ഇപ്രകാരം ആസ്തികൾ തിട്ടപ്പെടുത്തുന്നതിൻെറ ആവശ്യകത വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി ബോർഡിനെ 2003 ലെ കേന്ദ്ര വൈദ്യുതി നിയമമനുസരിച്ച് പുന:സംഘടിപ്പിച്ച് പുതിയ കമ്പനിയിലേയ്ക്ക് ഏല്പിക്കുമ്പോൾ ആസ്തി–ബാധ്യതകൾ സംബന്ധിച്ച കൃത്യമായ കണക്കുകളും രേഖകളും കൂടി ആവശ്യമാണ്. ഇതിലേക്കു കൂടിയാണ് ഇപ്പോൾ ആസ്തികൾ തിട്ടപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(സി) ബോർഡിൻെറ കൈവശം ഉണ്ടായിരുന്ന വിശദാംശങ്ങളും

(സി) ആസ്തികൾ തിട്ടപ്പെടുത്തുന്ന നടപടികൾ പൂർത്തിയാവുന്ന മുറയ്ക്ക്

ഇപ്പോൾ ശേഖരിച്ചിരിക്കുന്ന വിവരങ്ങളും തമ്മിൽ എന്തെല്ലാം അന്തരങ്ങളാണ് കണ്ടെത്തിയിട്ടുള്ളത് ;

(ഡി) ആസ്തികൾ പുനർനിർണ്ണയം ചെയ്യുന്നത് വൈദ്യുതി നിരക്കുകൾ ഉയരാൻ ഇടയാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

മാത്രമേ കൈവശമുള്ള വിശദാംശങ്ങളുമായി എന്തെങ്കിലും അന്തരമുണ്ടോ എന്ന് അറിയാനാവുകയുള്ളൂ.

(ഡി) & (ഇ) ആസ്തികൾ പുനർനിർണ്ണയം ചെയ്തതു കൊണ്ടുമാത്രം വൈദ്യുതി നിരക്കുകൾ വർദ്ധിക്കുന്നതല്ല.

സെക്ഷൻ ഓഫീസർ.